"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2009-10) ഗുണഭോകതാവായിരുന്ന ശ്രീ.മുത്തൽ കുഞ്ഞിരാമൻ, S/o രാമൻ എന്ന വ്യക്തി കൈപ്പറ്റിയ 50,000/- രൂപ പലിശ തുക ഒഴിവാക്കി തിരിച്ചടയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.884/2025/F&P തീയതി,തിരുവനന്തപുരം, 16-12-2025

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 25/11/2025-ലെ ഡി.ഫ്.ടി.വി.എം/3701/2025-എൻ 1 നമ്പർ കത്ത്.

**ഉത്തരവ്**

ഫിഷറീസ് വകുപ്പ് മുഖേനെ നടപ്പിലാക്കിയിരുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി (2009-10) പ്രകാരം ശ്രീ.മുത്തൽ കുഞ്ഞിരാമൻ S/o രാമൻ, പിലിക്കോട് വയൽ, പി.ഒ. പിലിക്കോട് എന്ന ഗുണഭോക്താവിന് 50,000, രൂപയുടെ ധനസഹായം ലഭിച്ചിരുന്നു (രണ്ട് ഗഡുക്കളായി 11.02.2010-ൽ ₹25,000/-യും, 13.07.2011-ൽ ₹25,000/-യും). എന്നാൽ, ശ്രീ.കുഞ്ഞിരാമൻ കാൻസർ ബാധിതനായി 05.04.2019-ന് മരണപ്പെടുകയും, തുടർന്ന് കുടുംബത്തിന്റെ ഏക അത്താണിയായിരുന്ന മകളുടെ ഭർത്താവ് കോവിഡ് ബാധിച്ച് മരണമടയുകയും കുടുംബം സാമ്പത്തികമായി വളരെ ദുർബലാവസ്ഥയിലാകുകയും ചെയ്തു. ഭവന നിർമാണം പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ കൈപ്പറ്റിയ 50000/- രൂപ തിരികെ അടയ്ക്കാമെന്നും പലിശ ഒഴിവാക്കി തരണമെന്നും കാണിച്ച് ടിയാന്റെ ഭാര്യ ശ്രീമതി തമ്പായി കാര്യത്ത് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഫിഷറീസ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 50,000/- രൂപയും അതിന്റെ പലിശയായ ₹1,36,112.50 രൂപയും ഉൾപ്പെടെ ആകെ ₹1,86,112.50 രൂപ ബാധ്യതയായി കണക്കാക്കിയിട്ടുണ്ട്. എന്നാൽ, ഗുണഭോക്താവിന്റെ മരണവും ടി കുടുംബത്തിന്റെ ബുദ്ധിമുട്ടുകളും പരിഗണിച്ച്, 50,000/- (അമ്പതിനായിരം രൂപ) പലിശ ഒഴിവാക്കി തിരികെ ഒടുക്കുന്നതിനും, ആധാരം തിരികെ തിരികെ നൽകുന്നതിനുള്ള അനുമതി നൽകണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഫിഷറീസ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും ,അപേക്ഷകയുടെ നിലവിലെ സാമ്പത്തിക അവസ്ഥ കണക്കിലെടുത്തും, ശ്രീ.മുത്തൽ കുഞ്ഞിരാമൻ കൈപ്പറ്റിയ തുകയായ 50,000/- രൂപ മാത്രം തിരിച്ചടയ്ക്കുന്നതിനും, പലിശ തുകയായ 1,36,112.50/- രൂപ ഒഴിവാക്കി ആധാരം തിരികെ നൽകുന്നതിനുള്ള അനുമതി ഫിഷറീസ് ഡയറക്ടർക്ക് നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.C2/396/2025/F&P)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 17-12-2025 11:26:08